# പതിമൂന്നാം കേരള നിയമസഭ

പതിനാറാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.798 10.02.2016 - ൽ മറുപടിക്ക്

## ജൂനിയർ പബ്ളിക് ഹെൽത്ത് നേഴ്സ് (ഗ്രേഡ്-II) തസ്തികയിലേക്ക് പി.എസ്.സി പരീക്ഷ

| ചോദ്യം | മറുപടി |
|---|---|
| **ശ്രീമതി.പി.അയിഷാ പോറ്റി** | **ശ്രീ.വി.എസ്.ശിവകുമാർ**<br>(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പ് മന്ത്രി) |

| | | | |
|---|---|---|---|
| എ) | 636/12-ാം കാറ്റഗറി നമ്പരായി ജെ.പി.എച്ച്.എൻ. (ഗ്രേഡ്-II) തസ്തികയിലേക്ക് പി.എസ്.സി പരീക്ഷ നടത്തിയതിൽ റിപ്പോർട്ടുചെയ്തിരുന്ന ഒഴിവുകൾ എൻ.സി.എ. ഒഴിവുകൾ ആയിരുന്നോ; | എ) | ആരോഗ്യ വകുപ്പിൽ ജൂനിയർ പബ്ലിക് ഹെൽത്ത് നഴ്സ് ഗ്രേഡ്-II തസ്തികയുടെ തിരുവനന്തപുരം, പാലക്കാട്, ജില്ലകളിൽ മുസ്ലിം സംവരണ വിഭാഗത്തിനുള്ള 2-ാം NCA വിജ്ഞാപനമാണ് കാറ്റഗറി നമ്പർ 636/12 ആയി പ്രസിദ്ധം ചെയ്തത്. |
| ബി) | പ്രസ്തുത പരീക്ഷയുടെ റാങ്ക് ലിസ്റ്റിൽ എത്ര പേർ ഉൾപ്പെട്ടിട്ടുണ്ടായിരുന്നു; | ബി) | പാലക്കാട് ജില്ലയുടെ റാങ്ക് പട്ടികയിൽ 4 പേരും തിരുവനന്തപുരം ജില്ലയുടെ റാങ്ക് പട്ടികയിൽ 18 പേരും ആണ് ഉൾപ്പെട്ടിരുന്നത്. |
| സി) | പ്രസ്തുത ലിസ്റ്റിൽ നിന്നും എത്ര പേർക്ക് നിയമനം നൽകി; | സി) | 2 പേർക്ക് തിരുവനന്തപുരം ജില്ലയിലും, 4 പേർക്ക് പാലക്കാട് ജില്ലയിലും നിയമനം നൽകിയിട്ടുണ്ട്. |
| ഡി) | എത്രപേർക്ക് നിയമന ശിപാർശ നൽകി; നിയമന ശിപാർശ ലഭിച്ചവർക്ക് നിയമനം നൽകുമോ ? | ഡി) | 18 ഉദ്യോഗാർത്ഥികൾക്ക് തിരുവനന്തപുരം ജില്ലയിലും, 4 ഉദ്യോഗാർത്ഥികൾക്ക് പാലക്കാട് ജില്ലയിലും നിയമന ശിപാർശ ലഭിച്ചിട്ടുണ്ട്. രണ്ട് ജില്ലകളിലുമായി 6 പേർക്ക് നിയമനം നൽകിയിട്ടുണ്ട്. മറ്റുള്ളവർക്ക് നിയമനം നൽകുന്നതാണ്. |

സെക്ഷൻ ഓഫീസർ